# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1987 — 17/03/2015 ൽ മറുപടിക്ക്

## മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മന്ത്രിസഭയിലെ എത്ര അംഗങ്ങൾക്കെതിരെ വിജിലൻസ് കേസ് അന്വേഷണം നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസന്വേഷണം നടക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം കേസുകളിലായി ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് വിജിലൻസ് കേസുകളുള്ളത് ; വിശദ വിവരം നൽകുമോ ;ഇക്കാര്യത്തിലുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ ? | (ബി) ശ്രീ. പി.ജെ.ജോസഫ്– (ബഹു: ജലസേചന വകുപ്പ് മന്ത്രി),<br>ശ്രീ. കെ.എം.മാണി - (ബഹു: ധനകാര്യ വകുപ്പ് മന്ത്രി)<br>എന്നിവർക്കെതിരെയാണ് നിലവിൽ വിജിലൻസ് കേസുകളുള്ളത്. കേസുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

**ശ്രീ. പി.ജെ.ജോസഫ്**

1) വി.സി. 5/12/ഇ.ആർ.കെ.

ശ്രീ.പി.ജെ.ജോസഫ് റവന്യൂ മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി കുളമാവിൽ സ്വകാര്യവ്യക്തിക്ക് വനം കൈയ്യേറാൻ സൗകര്യം ചെയ്തുകൊടുത്തു എന്നത് സംബന്ധിച്ചുള്ള വിജിലൻസ് കേസിൽ അന്വേഷണം പുരോഗമിക്കുന്നു.

2) വി.സി. 6/12/ഇ.ആർ.കെ.

റവന്യൂ മന്ത്രി ആയിരിക്കെ ശ്രീ.പി.ജെ.ജോസഫ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഇടുക്കി നെടുംകാണിയിൽ സ്വകാര്യ റിസോർട്ട് ഉടമയ്ക്ക് വനം കൈയ്യേറാൻ സൗകര്യം ചെയ്തു കൊടുത്തു എന്നത് സംബന്ധിച്ചുള്ള വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

3) വി.സി. 7/13/ടി.എസ്.ആർ.

ശ്രീ.പി.ജെ.ജോസഫ്, ജലവിഭവ വകുപ്പ് മന്ത്രി ആയിരിക്കെ, നിലവിലുള്ള ഉത്തരവുകൾ മറികടന്ന്, അനധികൃതമായി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട്, സ്വകാര്യ വ്യക്തിയ്ക്ക് വാട്ടർ കണക്ഷൻ നൽകുവാൻ ശുപാർശ ചെയ്തതു സംബന്ധിച്ച വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയായി. മേൽ നടപടികൾ ആവശ്യമില്ല എന്ന ശുപാർശയോടെ റിപ്പോർട്ട് ബഹു: കോടതിയിൽ സമർപ്പിച്ചു.

**ശ്രീ.കെ.എം.മാണി**

വി.സി. 6/14/എസ്.ഐ.യു.-I

ബഹു:ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി ഒരു കോടി രൂപ ബാർ ഹോട്ടൽ അസ്സോസിയേഷൻകാരിൽ നിന്നും കൈക്കൂലി വാങ്ങിയെന്ന ആരോപണത്തെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക നൽകിയ പരാതിയിൽ ഒരു സത്വരാന്വേഷണം നടത്തി. അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. അന്വേഷണം പുരോഗതിയിൽ ആണ്.